


QUOTES OF DAYS

FEB 06

നാളെ മരിക്കുന്നതുപോലെ നിങ്ങൾ ഇന്ന് ജീവിക്കുക. എന്നേക്കും ജീവിക്കാൻ ആഗ്രഹിക്കുന്നതുപോലെ എപ്പോഴും പഠിക്കുക.

**മഹാത്മാ ഗാന്ധി**



ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

06 FEBRUARY 2024 | VOL 03 | ISSUE 036 | 735


# വൈദികരെ തട്ടിക്കൊണ്ടു പോയി

## എളുപ്പത്തിൽ പണം ഉണ്ടാക്കാനുള്ള മാർഗ്ഗമായിട്ടാണ് വൈദികരെയും സന്യാസിനികളെയും തട്ടിക്കൊണ്ടു പോകുന്നത്





**അബൂജ:** നൈജീരിയയിലെ പങ്ക്ഷിൻ രൂപതാപരിധിയിൽ നിന്ന് രണ്ടു വൈദികരെ കൂടി തട്ടിക്കൊണ്ടുപോയി. ക്ലരീഷ്യൻ മിഷ്ണറിമാർ എന്നറിയപ്പെടുന്ന മിഷ്ണറീസ് സൺസ് ഓഫ് ദ ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി കോൺഗ്രിഗേഷൻ അംഗങ്ങളായ ഫാ. കെന്നത്ത് കൻവ, ഫാ. ജൂഡ് നവാച്ചുക്വു എന്നിവരാണ് തട്ടിക്കൊണ്ടു പോകലിന് ഇരയായത്. ഫാ. കൻവ, പങ്ക്ഷിൻ രൂപതയിലെ സെന്റ് വിൻസെന്റ് ഡി പോൾ ഇടവകയിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു. സഹവികാരിയായിരിന്നു ഫാ. ജൂഡ്. വൈദികരുടെ മോചനത്തിനായി പ്രാർത്ഥന യാചിക്കുന്നതായി പ്രോവിൻഷ്യാൾ സെക്രട്ടറി ഫാ. ഡൊമിനിക്ക് ഉക്പോങ് പറഞ്ഞു. വൈദികരുടെ കുരുതിക്കളം എന്നറിയപ്പെടുന്ന നൈജീരിയയിൽ ക്രിസ്തീയ സമൂഹങ്ങളിൽ നിന്നുള്ളവരെ തട്ടിക്കൊണ്ടുപോകുന്നത് പതിവു സംഭവമായി മാറിയിട്ടുണ്ട്. എളുപ്പത്തിൽ പണം ഉണ്ടാക്കുവാനുള്ള ഒരു മാർഗ്ഗമായിട്ടാണ് വൈദികരെയും സന്യാസിനികളെയും തട്ടിക്കൊണ്ടു പോകുന്നത്. നൈജീരിയയെ ഇസ്ലാമിക രാഷ്ട്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ബൊക്കോഹറാം ഉൾപ്പെടെയുള്ള തീവ്രവാദി സംഘടനകളും, ഇസ്ലാമിക ഗോത്രവർഗ്ഗമായ ഫുലാനികളും വലിയ ആക്രമണമാണ് ക്രൈസ്തവർക്ക് നേരെ നടത്തുന്നത്.

# ജോസഫ് മാർ ഗ്രിഗോറിയോസ് അടുത്ത കാതോലിക്ക ബാവ

കോലഞ്ചേരി: യാക്കോബായ സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസിനെ അടുത്ത കാതോലിക്ക ബാവയായി സഭാ മേലധ്യക്ഷൻ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവ പ്രഖ്യാപിച്ചു. സഭാ ആസ്ഥാനമായ പുത്തൻകുരിശ് പാത്രിയർക്കാ സെൻററിൽ നടന്ന ബസേലിയോസ് തോമസ് പ്രഥമൻ ബാവയുടെ പൗരഹിത്യ സുവർണ്ണജൂബിലിയുടെ സമാപന സമ്മേളനത്തിലായിരുന്നു പാത്രിയർക്കീസ് ബാവയുടെ പ്രഖ്യാപനം. പ്രഖ്യാപനം വന്നതോടെ സഭാ മാനേജിങ്? കമ്മിറ്റി ഇനി തുടർ നടപടിയിലേക്ക് കടക്കും.

തോമസ് പ്രഥമൻ ബാവയുടെ പ്രായാധിക്യവും ആരോഗ്യ പ്രശ്നങ്ങളും അലട്ടുന്ന സാഹചര്യത്തിലാണ് പിൻഗാമിയെ വാഴിക്കാൻ സഭ മുമ്പ് തീരുമാനമെടുത്തത്. മുളന്തുരുത്തി സ്രാമ്പിക്കൽ പള്ളിത്തട്ട ഗീവർഗീസ് സാറാമ്മ ദമ്പതികളുടെ ഇളയ മകനായ മോർ ഗ്രിഗോറിയോസ് 1960 നവംബർ 10നാണ് ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം മഹാരാജാസ് കോളജിൽ നിന്ന് ബിരുദം നേടി. 1984 മാർച്ച് 25ന് വൈദീക പട്ടം സ്വീകരിച്ചു

1994 ജനുവരി 16ന് ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ കൊച്ചി ഭദ്രാസനചുമതലയുള്ള മെത്രാപ്പോലീത്തയായി വാഴിച്ചിരുന്നു. സഭാ സുന്നഹദോസ് സെക്രട്ടറിയായിരുന്ന ഇദ്ദേഹം 2019ലാണ് സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റിയായത്.



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
06 FEBRUARY 2024
VOL 03 | ISSUE 036 | 735

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**ഫെബ്രുവരി 06**

**യോശുവ 24:13** നിങ്ങൾ അധ്വാനിക്കാത്ത ഭൂമിയും നിങ്ങൾ പണിയാത്ത പട്ടണങ്ങളും ഞാൻ നിങ്ങൾക്ക് തന്നു; നിങ്ങൾ അവയിൽ പാർക്കുന്നു; നിങ്ങൾ നട്ടിട്ടില്ലാത്ത മുന്തിരിത്തോട്ടങ്ങളുടെയും ഒലിവുതോട്ടങ്ങളുടെയും ഫലം നിങ്ങൾ അനുഭവിക്കുന്നു.

എഡിറ്റോറിയൽ



# തളരരുത്



പാസ്റ്റർ
അനു കോശി

പമ്പാനദിയിൽ റാന്നി മുണ്ടപ്പുഴ ചന്തക്കടവിൽ ഒരു കുടുംബത്തിലെ മൂന്നു പേർ ഇന്നലെ മുങ്ങി മരിച്ചത് ഹൃദയത്തെ വല്ലാതെ വാർത്തയായിരുന്നു. ആ കുടുംബം ഈ ദുഃഖം എങ്ങനെ താങ്ങും? അവരുടെ വിലാപം എന്നു തീരും?

ജീവിതം എന്നത് അനിശ്ചിതത്വത്തിന്റെ കൂടാരമാണ്. എവിടെ എന്ത്, എപ്പോൾ സംഭവിക്കുമെന്ന് ഊഹിക്കാൻ പോലും സാധിക്കാത്ത അവസ്ഥ. ചിലപ്പോൾ ചോദിക്കാതെ തന്നെ സന്തോഷത്തിന്റെ ചാക്കുകെട്ടഴിച്ചിടും; മറ്റു ചിലപ്പോൾ ദുഃഖത്തിന്റെ കൂമ്പാരമായിരിക്കാം മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. ചിലപ്പോൾ ചുറ്റുപാടും പ്രോൽസാഹനത്തിന്റെ വചസുമായി പലർ; മറ്റു ചിലപ്പോൾ കാതുകളിൽ നിരാശയുണർത്തുന്ന വാക്കുകളുടെ ആരവം മാത്രം. ചിലപ്പോൾ ചുറ്റുപാടും പ്രിയപ്പെട്ടവരുടെ നിറഞ്ഞ സാന്നിധ്യം; മറ്റു ചിലപ്പോൾ ഹൃദയം മടുപ്പിക്കുന്ന തികഞ്ഞ ഏകാന്തത. എല്ലാം ജീവിതം വച്ചു നീട്ടുന്ന സമ്മാനങ്ങൾ. ഇന്നത്തെ യാചകൻ നാളത്തെ കുബേരൻ, ഇന്നത്തെ കോടീശ്വരൻ നാളത്തെ കുചേലൻ. രണ്ടു നാലു ദിനം കൊണ്ട് ഒരുവൻ തണ്ടിലേറുന്നതും മാളിക മുറിയിലിരുന്നവന്റെ തോളിൽ മാറാപ്പ് കേറുന്നതും ജീവിതത്തിന്റെ ലീലാവിലാസങ്ങളിൽപ്പെടുന്നു.

നേടിയതും വെട്ടിപ്പിടിച്ചതുമൊന്നും ഒരു പ്രയോജനവും ചെയ്യാത്ത ദിനങ്ങൾ ജീവിതത്തിന്റെ ഭാഗമായി വന്നേക്കാം: വോട്ടു പിടിച്ചതും നേതാവായതും അന്യായമായി മുതലു സമ്പാദിച്ചതും ഒന്നും രക്ഷയ്ക്കെത്താത്ത ദിനങ്ങൾ ! പക്ഷേ അവിടെയും കൈവിടാത്ത ഒരു ദൈവമുണ്ട് എന്നതാണ് നമ്മുടെ ആശ്വാസം.

**മറക്കാൻ പാടില്ലാത്ത രണ്ടു കാര്യങ്ങൾ:**

1. എന്നു വരെ ജീവിച്ചു എന്നതല്ല, എങ്ങനെ ജീവിച്ചു എന്നതാണ് ഏറ്റവും പ്രധാനം.
2. എന്തും എപ്പോഴും എവിടെയും സംഭവിക്കാം. നേരിടാൻ തയ്യാറാവുക.

**ഓർത്തിരിക്കേണ്ട ഒരു കാര്യം:**

ജീവിതത്തിന്റെ ഏതു സാഹചര്യത്തിലും കൈവിടാത്ത ഒരു ദൈവമുണ്ട്.

പാപം ചെയ്ത് ദൈവതേജസ് നഷ്ടപ്പെടുത്തിയ മാനവനെ വീണ്ടെടുക്കാൻ മരണം സ്വീകരിക്കാൻ സ്വപുത്രനെ ഭൂമിയിലേക്കയക്കുവാൻ തക്കവണ്ണം മനുഷ്യനെ സ്നേഹിക്കുന്ന ദൈവം. ആ ദൈവസ്നേഹത്തിന്റെ കുളിരിൽ മുങ്ങി നിവർന്നാൽ അവന്റെ കരം ഗ്രഹിച്ചുകൊണ്ട് ജീവിതത്തിന്റെ സങ്കടക്കടൽ നീന്തിക്കടക്കാനാകും; മറക്കാനും പൊറുക്കാനും പൊരുതിക്കയറാനുമാവും.

നമുക്ക് തളർന്നു പോകാതെ ഓടാം.

## ഓഷ്യാനിയയിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

**ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:**

## പലാവു



| | |
|---|---|
| തലസ്ഥാനം | : എൻഗെറുൽമുഡ് |
| ഭാഷ | : പലാവുൻ, ഇംഗ്ലീഷ് |
| ജനസംഖ്യ | : 18058 |
| പ്രസിഡണ്ട് | : സുരാഞ്ചൽ വിപ്പ്സ് ജൂനിയർ |

ഗോത്രമതമായ മൊഡെക്ംഗേയിയുടെ അനുയായികൾ സർവ്വശക്തനും കാരുണ്യവാനുമായ ക്രിസ്തുവിനെ കണ്ടുമുട്ടാനായി പ്രാർത്ഥിക്കുക.

മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ ധാരാളം. ഇവർക്ക് ക്രിസ്തുവിലുള്ള പ്രത്യാശയും സ്വാതന്ത്ര്യവും ലഭിക്കാനായി പ്രാർത്ഥിക്കുക.

ഇനിയും സുവിശേഷം എത്തിച്ചേരാത്ത അനേകം ചെറുദ്വീപുകൾ. ഇവിടെ മിഷണറിമാർ എത്താനായും തദ്ദേശികൾ സുവിശേഷകരായി രൂപപ്പെടാനായും പ്രാർത്ഥിക്കുക.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
06 FEBRUARY 2024
VOL 03 | ISSUE 036 | 735



# ഏക സിവിൽ കോഡ്: അന്തിമ കരട് അംഗീകരിച്ച് ഉത്തരാഖണ്ഡ് മന്ത്രിസഭ

ഡെറാഡൂൺ: ഏക സിവിൽ കോഡിന്റെ അന്തിമ കരട് അംഗീകരിച്ച് ഉത്തരാഖണ്ഡ് മന്ത്രിസഭ. തിങ്കളാഴ്ച ആരംഭിക്കുന്ന നാല് ദിവസത്തെ പ്രത്യേക നിയമസഭ സമ്മേളനത്തിൽ കരട് അവതരിപ്പിക്കും. ഞായറാഴ്ച മുഖ്യമന്ത്രി പുഷ്കർ സിങ് ധാമിയുടെ വസതിയിൽ ചേർന്ന യോഗത്തിലാണ് അനുമതി നൽകിയത്. സുപ്രീം കോടതി മുൻ ജഡ്ജി രഞ്ജന പ്രകാശ് ദേശായിയുടെ നേതൃത്വത്തിലുള്ള അഞ്ചംഗ സമിതിയാണ് 740 പേജുകളുള്ള റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചത്.

# ചിലെയിലെ കാട്ടുതീ: അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് പ്രസിഡന്റ്



ചിലെ : ചിലെയിലെ കാട്ടുതീയിൽ മരിച്ചവരുടെ എണ്ണം 112 ആയി ഉയർന്നു. നൂറുകണക്കിനാളുകളെ കാണാതായി. നിരവധി പേരെ അഭയാർഥി ക്യാമ്പുകളിലേക്ക് മാറ്റിയിട്ടുണ്ട്. ഏകദേശം 64,000 ഏക്കറിൽ കാട്ടുതീ പടർന്നതായാണ് റിപ്പോർട്ട്. തീ പടരുന്ന സാഹചര്യത്തിൽ ചിലെ പ്രസിഡൻറ് ഗബ്രിയേൽ ബോറിക് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. വാൽപുറേസോയിൽ തീ പടരുന്നതിനാൽ ഇനിയും അപകടം സംഭവിക്കാൻ സാധ്യതയുണ്ടെന്നും ജാഗ്രതയോടെ ഇരിക്കണമെന്നും ബോറിക് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. 2010ലെ ഭൂചലനത്തിനും സുനാമിക്കും ശേഷം ചിലെ അഭിമുഖീകരിച്ച ഏറ്റവും വലിയ ദുരന്തമാണിത്.



# ജൂതർക്കെതിരായി ലോകമെമ്പാടും നടക്കുന്ന ആക്രമണങ്ങളെ അപലപിച്ച് ഫ്രാൻസിസ് മാർപാപ്പാ

വത്തിക്കാൻ : ഇസ്രായേൽ ഹമാസ് യുദ്ധം പൊട്ടിപ്പുറപ്പെട്ടതിനു ശേഷം ലോകമെമ്പാടുമുള്ള ജൂതന്മാർക്കെതിരായ ആക്രമണങ്ങളുടെ ഭയാനകമായ വർദ്ധനവിനെ അപലപിച്ച് ഫ്രാൻസിസ് മാർപാപ്പ. ആക്രമങ്ങളെ അപലപിച്ച് വത്തിക്കാൻ ഇറക്കിയ കത്തിലാണ് പരാമർശം. ജൂതന്മാർക്കും ഇസ്രയേലിനും എതിരായ തെറ്റായ വിവരങ്ങളുടെയും വാർത്തകളുടെയും വിദ്വേഷ പ്രചാരണത്തിന്റെയും കുത്തൊഴുക്കിൽ ധാർമ്മികവും ആശയപരവുമായ വ്യക്തതയുടെ വിളക്കുമാടമായി പ്രവർത്തിക്കാൻ കത്തോലിക്കാ സഭയോട് ആവശ്യപ്പെട്ട് നൂറുകണക്കിന് റബ്ബിമാരും പണ്ഡിതന്മാരും ഒപ്പിട്ട് നവംബറിൽ സമർപ്പിച്ച അപ്പീലിന് മറുപടിയായാണ് മാർപാപ്പയുടെ പുതിയ പ്രഖ്യാപനവും കത്തും.

# പുരോഹിതനെ തുപ്പുകയും ശപിക്കുകയും ചെയ്തുവെന്നാരോപിച്ച് യുവാക്കളെ പൊലിസ് അറസ്റ്റ് ചെയ്തു

ജറുശലേം: ജെറുസലേം : ജറുസലേമിലെ പഴയ നഗരത്തിൽ രണ്ട് ഇസ്രായേൽ യഹൂദന്മാരെ ക്രിസ്ത്യൻ വൈദികരുടെ മേൽ തുപ്പിയതിനും,അത് ചിത്രീകരിച്ചതിനും ശനിയാഴ്ച വൈകുന്നേരം വീട്ടു തടങ്കലിലാക്കി . ഇത്തരം സംഭവങ്ങളിൽ ഏറ്റവും പുതിയതാണ് ഇത് . ക്രിസ്ത്യൻ പുരോഹിതരുടെ മേൽ തുപ്പുന്നതും ,ശപിക്കുന്നതും ,യഹൂദന്മാരുടെ ഒരു പുരാതന പാരമ്പര്യമാണ് അത് ഇന്നും ചിലർ അനുഷ്ഠിച്ചു വരുന്നു എന്നതിന് തെളിവാണ് ഈ സംഭവം.പിതാവ് നിക്കോഡമസ് ഷ്നോബലിനു നേർക്കായിരുന്നു ആക്രമണം. ഫ്രാൻസിസ് മാർപാപ്പ ഇസ്രായേലിലെ യഹൂദ ജനതയ്ക്ക് അയച്ച കത്ത് പരസ്യമാക്കിയ ദിവസമാണ് വീഡിയോയിൽ ഈ ആക്രമണവും ചിത്രീകരിക്കപ്പെട്ടത്. ക്രിസ്ത്യാനികളോടുള്ള യഹൂദന്മാരുടെ അവഹേളനങ്ങളെ അപലപിച്ചുകൊണ്ടായിരുന്നു മാർപാപ്പ സംസാരിച്ചത്. 'ഫ്രാൻസിസ് മാർപാപ്പയുടെ സന്ദേശം വന്ന ദിനം തന്നെ ജൂതന്മാർ കത്തോലിക്ക പുരോഹിതന്മാരെ തുപ്പുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ഈ വിഷയം വളരെ ഗുരുതരമാണ്. അക്രമികളെ ശിക്ഷിക്കണം.' ആക്ടിവിസ്റ്റും റിലീജിയസ് ഫ്രീഡം ഡാറ്റാ സെന്ററിന്റെയും ഹോട്ട്ലൈനിന്റെയും സ്ഥാപകയുമായ ഇസ്ക ഹരാനി പറഞ്ഞു.



# സിറിയയിലെ എസ്. ഡി. എഫ്. പരിശീലന കേന്ദ്രത്തിന് നേരെ ഡ്രോൺ ആക്രമണം

സിറിയ : സിറിയയിലെ എസ് ഡി എഫ് പരിശീലന കേന്ദ്രത്തിന് നേരെയുണ്ടായ ഡ്രോൺ ആക്രമണത്തിൽ ആറ് പേർ കൊല്ലപ്പെട്ടു. യു എസ് പിന്തുണയുള്ള കുർദിഷ് സായുധസംഘത്തിലെ ആറുപേരാണ് കൊല്ലപ്പെട്ടത്. എന്നാൽ സിറിയയിലെ ദെയർ അസ് സോർ പ്രവശ്യയിലെ പരിശീലന കേന്ദ്രമായിരുന്നു ലക്ഷ്യമെന്നും റിപ്പോർട്ടുകളുണ്ട്. യു എസ് സൈന്യം പരിശീലന കേന്ദ്രത്തിൽ നിലയുറപ്പിച്ചിട്ടുണ്ട്. ഇറാന്റെ പിന്തുണയുള്ള നിരന്തരം ഡ്രോൺ അക്രമങ്ങൾ ഉണ്ടാവാറുള്ള ഭാഗത്ത് നിന്നാണ് ഈ ഡ്രോൺ വന്നതെന്ന് പ്രദേശവാസികൾ പറഞ്ഞു. ഡ്രോൺ ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് കതൈബ് ഹിസ്ബുല്ല പോലുള്ള സായുധ സംഘങ്ങൾ ഉൾപെടുന്ന ഗ്രൂപ്പ് രംഗത്ത് വന്നു. കഴിഞ്ഞ ആഴ്ച സിറിയൻ അതിർത്തിക്കടുത്തുള്ള വടക്കു കിഴക്കൻ ജോർദാനിൽ നടന്ന ഡ്രോൺ ആക്രമണത്തിന്റെ ഉത്തരവാദിത്വവും ഈ സംഘം ഏറ്റെടുത്തിരുന്നു. യു എസിന്റെ മൂന്ന് സൈനികരായിരുന്നു അന്നത്തെ ഡ്രോൺ അക്രമത്തിൽ കൊല്ലപ്പെട്ടത്.

# ഏറ്റവും കൂടുതൽ വിദേശ വിദ്യാർഥികൾ കർണാടകത്തിൽ

ബെംഗളൂരു : 202122 ഉന്നത വിദ്യാഭ്യാസമേഖലയിലെ ഓൾ ഇന്ത്യ സർവേയുടെ കണക്കനുസരിച്ച് വിദേശരാജ്യങ്ങളിൽ നിന്നുള്ള ഏറ്റവും കൂടുതൽ വിദ്യാർഥികൾ പഠിക്കുന്ന സംസ്ഥാനം കർണാടകമാണ്.വിദേശരാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെത്തിയവരിൽ 6,004 വിദ്യാർഥികളാണ് കർണാടകയിൽ പഠിക്കുന്നത്. 5971 വിദ്യാർഥികളുമായി പഞ്ചാബ് ആണ് രണ്ടാംസ്ഥാനത്ത്. റിപ്പോർട്ട് അനുസരിച്ച് 4,856 വിദ്യാർഥികൾ മഹാരാഷ്ട്രയിലും 4,323 വിദ്യാർഥികൾ ഉത്തർപ്രദേശിലും വിദേശ വിദ്യാർഥികളുണ്ട്.

# ബിഷപ്പ് കോൺഫെറൻസ് സംഘടനയുടെ എഫ്.സി.ആർ.എ. രജിസ്ട്രേഷൻ കേന്ദ്രം റദ്ദാക്കി

ചെന്നൈ: തമിഴ്നാട് കത്തോലിക് ബിഷപ്സ് കോൺഫെറൻസിനു കീഴിലുള്ള തമിഴ്നാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേ ഷൻ ആക്ട് രജിസ്ട്രേഷൻ ആഭ്യന്തരമന്ത്രാലയം റദ്ദാക്കി. വിദേശ സംഭാവന നിയന്ത്രണ നിയമം ലംഘിച്ചെന്ന് ആരോപിച്ചാണ് നടപടി.
തമിഴ്നാട് സോഷ്യൽ സർവീസ് സൊസൈറ്റി സാമൂഹിക സംഘടനയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഘടനകൾക്ക് സാമൂഹിക, വിദ്യാഭ്യാസ, മത, സാമ്പത്തിക, സാംസ്കാരിക പരിപാടികൾക്കായി വിദേശ സംഭാവനകൾ സ്വീകരിക്കാം. ഇതിന് എഫ്സിആർഎ രജിസ്ട്രേഷൻ നിർബന്ധമാണ്. രജിസ്ട്രേഷൻ റദ്ദാക്കിയതോടെ സൊസൈറ്റിക്ക് വിദേശത്തുനിന്നുള്ള സംഭാവനകൾ സ്വീകരിക്കാനാകില്ല. ക്രിസ്ത്യൻ സന്നദ്ധ സംഘടനയായ വേൾഡ് വിഷൻ ഇന്ത്യ യുടെ എഫ്സിആർഎ രജിസ് ട്രേഷൻ ജനുവരി 20ന് കേന്ദ്ര സർക്കാർ അസാധുവാക്കിയതിന് പിന്നാലെയാണിത്.

# ട്രെയിനിൽ കയറാൻ ശ്രമിക്കുന്നതിനിടെ വഴുതി വീണ് ഇരു കാലുകളും അറ്റുപോയി

പാലക്കാട്: റെയിൽവേ സ്റ്റേഷനിൽ നിന്ന് നീങ്ങിത്തുടങ്ങിയ ട്രെയിനിൽ കയറാൻ ശ്രമിക്കുന്നതിനിടെ ഫ്ലാറ്റ്ഫോമിനും ട്രെയിനിനും ഇടയിലേക്ക് വഴുതി വീണ് മണ്ണാർക്കാട് ഐപിസി ഗോസ്പൽ സെന്റർ സഭാംഗമായ റോണിയുടെ മാതാവ് അഗളി താവളം ഓലിക്കൽ വീട്ടിൽ കുഞ്ഞുമോന്റെ ഭാര്യ മേരിക്കുട്ടിയുടെ (62) ഇരുകാലുകളും അറ്റുപോയി.കോഴിക്കോട് മെഡിക്കൽ കോളജിൽ ഐസിയുവിൽ കഴിയുന്നു. പാലക്കാട് ജില്ലാ ആശുപത്രിയിലെ പ്രാഥമിക ചികിത്സയ്ക്കുശേഷം കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോയി. ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളജിൽ തീവ്രപരിചരണ വിഭാഗത്തിലാണ്.
പാലക്കാട് ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിൽ ഇന്നലെ രാത്രി 9 .25 ന് അമൃത എക്സ്പ്രസിൽ കയറാൻ ശ്രമിക്കുന്നതിനിടയിൽ ആയിരുന്നു അപകടം. കുഞ്ഞിനു രാവിലെ കഴിക്കാനുള്ള ഭക്ഷണം വാങ്ങാനായി മൂവരും വീണ്ടും പുറത്തിറങ്ങി. ഇതിനിടെ ട്രെയിൻ നീങ്ങിത്തുടങ്ങിയത് കണ്ടു മകൻ റോണി കുഞ്ഞിനെയും എടുത്ത് ഓടി ട്രെയിനിൽ കയറി. അമ്മയെ കൈപിടിച്ചു ട്രെയിനിലേക്ക് കയറ്റാൻ ശ്രമിച്ചെങ്കിലും മേരിക്കുട്ടി വഴുതി വീഴുകയായിരുന്നു. മകന്റെയും മൂന്നു വയസ്സുള്ള കൊച്ചുമകളുടെയും മുമ്പിൽ ആയിരുന്നു അപകടം. ട്രെയിൻ കുറച്ചു മുമ്പോട്ട് നീങ്ങിയെങ്കിലും അപകടമറിഞ്ഞു നിർത്തി. യാത്രക്കാരും റെയിൽവേ സുരക്ഷാസേനയും പൊലീസും ചേർന്നാണ് മേരിക്കുട്ടിയെ ആശുപത്രിയിൽ എത്തിച്ചത്.

# ജീവസന്ദേശം ബൈബിൾ കൺവൻഷൻ

ചുങ്കം : ഗലീലിയ പ്രയർ ഗ്രൂപ്പും ചുങ്കം ദൈവസഭയും സംയുക്തമായി നടത്തുന്ന ജീവസന്ദേശം ബൈബിൾ കൺവൻഷൻ ആരംഭിച്ചു. കോട്ടയം വാരിശ്ശേരി ജംഗ്ഷനിൽ ആരംഭിക്കുന്ന കൺവൻഷൻ സെന്റർ മിനിസ്റ്റർ ഷിജു മത്തായി ഉത്ഘാടനം നിർവഹിച്ചു. പാസ്റ്ററന്മാരായ സുഭാഷ് കുമരകം, ജെറാൾഡ് അടൂർ, അനീഷ് ഏലപ്പാറ എന്നിവർ വചനം പ്രസംഗിക്കും. 7 ന് കൺവൻഷൻ സമാപിക്കും.

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ നെയ്തേലിപ്പടി സഭയും ഗ്രേയ്സ് ടി.വിയും ചേർന്നൊരുക്കുന്ന നെയ്തേലിപ്പടി ക്രൂസേഡ്

വെണ്ണിക്കുളം: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ നെയ്തേലിപ്പടി സഭയും ഗ്രേയ്സ് ടി.വിയും ചേർന്നൊരുക്കുന്ന നെയ്തേലിപ്പടി ക്രൂസേഡ് നെയ്തേലിപ്പടി ജംഗ്ഷനിൽ 2024 ഫെബ്രുവരി 26,27, 28 തീയതികളിൽ നടത്തപ്പെടും. മല്ലപ്പള്ളി സെന്റർ പാസ്റ്റർ ബാബു ബി മാത്യു ഉത്ഘാടനം ചെയ്യുന്ന യോഗത്തിൽ പാസ്റ്റർമാരായ ഡോ.ഷിബു കെ. മാത്യു, തിരുവല്ല വൈ. റെജി എറണാകുളം,റെജി ശാസ്താംകോട്ട എന്നിവർ ദൈവവചനം സംസാരിക്കും. റൈറ്റ് വേ മ്യൂസിക് ബാൻഡ് ഗാനശുശ്രൂഷ നിർവഹിക്കുന്നു.

# ഭവനത്തിൽ പ്രാർത്ഥന നടത്തിയതിന് നാലര വർഷത്തെ തടവ്

ഹോ ചി മിൻ സിറ്റി: വീട്ടിൽ പ്രാർത്ഥന നടത്തിയതിന് ക്രൈസ്തവ വിശ്വാസിയെ നാലര വർഷത്തെ തടവിന് ശിക്ഷിച്ചതായി റിപ്പോർട്ട്. കമ്മ്യൂണിസ്റ്റ് ഭരണമുള്ള രാജ്യത്തു ക്രൈസ്തവർ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾക്കു വിധേയമാകുന്നുവെന്ന റിപ്പോർട്ട് സ്ഥിരീകരിക്കുന്നതാണ് പുതിയ വാർത്ത. സെൻട്രൽ ഹൈലാൻഡ്സ് ഇവാഞ്ചലിക്കൽ സമൂഹവുമായി ബന്ധമുള്ള നെയ് വൈ ബ്ലാങ്ങിനെ (48) കഴിഞ്ഞ വെള്ളിയാഴ്ചയാണ് തടവിന് ശിക്ഷിച്ചത്. സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ നടപടികൾക്ക് പ്രേരിപ്പിച്ചു എന്ന കുറ്റമാണ് ഇദ്ദേഹത്തിനെതിരെ ചുമത്തപ്പെട്ടിരിക്കുന്നത്. വിയറ്റ്നാമീസ് സർക്കാർ പ്രാർത്ഥനയെ അവരുടെ അധികാരത്തിനും നിയമസാധുതയ്ക്കും നേരിട്ടുള്ള ഭീഷണിയായാണ് കാണുന്നതെന്നു ക്രിസ്ത്യൻ സോളിഡാരിറ്റി വേൾഡ് വൈഡ് സംഘടനയുടെ അധ്യക്ഷൻ മെർവിൻ തോമസ് പ്രസ്താവിച്ചു. ബുദ്ധമത ഭൂരിപക്ഷ രാജ്യമാണ് വിയറ്റ്നാം. 9.6 മില്യൺ വിശ്വാസികളാണ് രാജ്യത്തു ക്രൈസ്തവരായിട്ടുള്ളത്. ആകെ ജനസംഖ്യയുടെ 9.7% മാത്രമാണ് വിയറ്റ്നാമിലെ ക്രൈസ്തവർ.

# അദ്ധ്യാപക വിദ്യാർത്ഥി സെമിനാറും സൺഡേ സ്കൂൾ വാർഷികവും

കായംകുളം: അസംബ്ലിസ് ഓഫ് ഗോഡ് കായംകുളം സെക്ഷൻ സൺഡേസ്കൂൾ അദ്ധ്യാപക വിദ്യാർത്ഥി സെമിനാറും സൺഡേസ്കൂൾ വാർഷികവും ഫെബ്രുവരി 10 ശനിയാഴ്ച രാവിലെ 9 മണി മുതൽ കായംകുളം എ ജി ചർച്ചിൽ നടത്തപ്പെടുന്നു. സൺഡേസ്കൂൾ കൺവീനർ പാസ്റ്റർ. രാജു ജോൺ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സെക്ഷൻ പ്രസ്ബിറ്റർ റവ. ഫിന്നി ജോസഫ് ഉദ്ഘാടനം നിർവഹിക്കും. സൺഡേസ്കൂൾ സെക്രട്ടറി അനീഷ് കെ സ്വാഗതം പറയും.
'സൺഡേ സ്കൂൾ പഠനത്തിന്റെ കാലികപ്രസക്തി ' എന്ന വിഷയത്തിൽ ഡോ. ഐസക് പോൾ (അസോ. പ്രൊഫസർ, ഗവ. ട്രെയിനിങ് കോളേജ്, തിരുവനന്തപുരം ) ക്ലാസുകൾ നയിക്കും. ആരാധനകൾക്ക് ലിജോ ഡേവിഡും ജോയൽ ബിചാക്കോയും നേതൃത്വം നൽകും. അന്നേ ദിവസം സെക്ഷൻ താലന്ത് മത്സരങ്ങളിൽ, പരീക്ഷകളിൽ വിജയികളായ കുട്ടികളെയും അദ്ധ്യാപകരെയും മൊമെന്റോ നൽകി ആദരിക്കും.

# ചാത്തന്നൂരിൽ ബാപ്റ്റിസ്റ്റ് സഭകളുടെ വാർഷിക കൺവൻഷൻ

കൊല്ലം: ഇൻഡിപെൻഡന്റ് ബാപ്റ്റിസ്റ്റ് സഭകളുടെ അമ്പത്തോറാമത് വാർഷിക കൺവൻഷൻ 7 മുതൽ 11 വരെ ചാത്തന്നൂർ ബാപ്റ്റിസ്റ്റ് ബൈബിൾ കോളജ് ഗ്രൗണ്ടിൽ നടക്കും. കേരളത്തിന് പുറമേ തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലങ്കാന മഹാരാഷ്ട്ര, ഒഡീഷ, അസം, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിൽ നിന്നും വിശ്വാസികൾ പങ്കെടുക്കും. 7നു വൈകിട്ട് 6.30ന് ഇൻഡി പെൻഡന്റ് ബാപ്റ്റിസ്റ്റ് സഭാ ജനറൽ സെക്രട്ടറി റവ. കെ എസ് മാത്യു ഉദ്ഘാടനം ചെയ്യും. തുടർന്നുള്ള ദിവസങ്ങളിൽ പ്രഫ. സന്തോഷ് ജോസഫ് കണ്ണൂർ, ഡോ. ബിജു തങ്കച്ചൻ കോഴിക്കോട്, റവ. സാം ജോൺ ജയ്പുർ, റവ. പോൾ തോമസ് ചാത്തന്നൂർ എന്നിവർ പ്രസംഗിക്കും. വ്യാഴം പത്തിനു ബൈബിൾ ക്ലാസ്, രണ്ടിനു സൺഡേ സ്കൂൾ അധ്യാപക സമ്മേളനം, വെള്ളി രാവിലെ പത്തിനു ബൈബിൾ ക്ലാസ്. രണ്ടിനു പാസ്റ്റേഴ്സ് കോൺഫറൻസ്. ശനി രാവിലെ പത്തിന് ബാപ്റ്റിസ്റ്റ് സിസ്റ്റേഴ്സ് ഫെലോഷിപിന്റെ വാർഷിക സമ്മേളനം. ഉച്ച ന്ന് യുഡിഎഫിന് കഴിഞ്ഞ് സ്നാന ശുശ്രൂഷ. ദിവ സവും വൈകിട്ട് ആറു മുതൽ പൊതു സമ്മേളനം ആരംഭിക്കും. കൺവൻഷൻ ഗായകസംഘം ഗാന ശുശ്രൂഷയ്ക്കു നേതൃത്വം നൽകും. 11നു സംയുക്ത ആരാധനയോടെ സമ്മേളനം സമാപിക്കും. എസ്എസ്എൽസി, പ്ലസ് ടൂ പരീക്ഷകളിൽ ഉന്നതവിജയം നേടിയ സഭാ അംഗങ്ങളായ വിദ്യാർഥികളെ ആദരിക്കുമെന്നു രക്ഷാധികാരി റവ. പോൾ തോമസ്, കൺവീനർ പാസ്റ്റർ കെ. ബ്രൈറ്റ്, സെക്രട്ടറി പാസ്റ്റർ പി. വിജയകുമാർ (സെക്രട്ടറി) പബ്ലിസിറ്റി കൺവീനർ പാസ്റ്റർ സി. എം. ജോയി, ബ്രദ. ജോൺസൻ ബേബി, പാസ്റ്റർ വി.കെ. ശശി എന്നിവർ പറഞ്ഞു.



# മഞ്ഞ് വീഴ്ച: വിമാന സർവ്വീസുകൾ റദ്ദാക്കി

ശ്രീനഗർ: കാശ്മീർ താഴ്വരയിൽ കനത്ത മഞ്ഞ് വീഴ്ച. ശ്രീനഗർ രാജ്യാന്തര വിമാനത്താവളത്തിലേക്ക് വരുന്നതും പോകുന്നതുമായ എല്ലാ വിമാനങ്ങളും റദ്ദാക്കിയതായി ഡയറക്ടർ ജാവേദ് അൻജും അറിയിച്ചു. ശനിയാഴ്ച രാത്രി മുതലാണ് താഴ്വരയിൽ മഞ്ഞ് വീഴ്ച ആരംഭിച്ചത്.

# ഐ.പി.സി. തിരുവനന്തപുരം വെസ്റ്റ്, പേരൂർക്കട സംയുക്ത വാർഷിക കൺവൻഷൻ

തിരുവനന്തപുരം: ഐ.പി.സി തിരുവനന്തപുരം വെസ്റ്റ് സെന്റർ, പേരൂർക്കട സെന്റർ എന്നി സെന്ററുകളുടെ സംയുക്ത വാർഷിക കൺവെൻഷൻ 15 മുതൽ 18 വരെ എല്ലാ ദിവസവും വൈകിട്ട് 6 മണി മുതൽ 9 മണി വരെ പേരൂർക്കട ഫെയ്ത്ത് സെന്ററിൽ നടക്കും. വെസ്റ്റ് സെന്റർ ശുശ്രുഷകൻ പാസ്റ്റർ ചാക്കോ വർഗിസ് കോവിൽ വിളയുടെ അദ്ധ്യക്ഷതയിൽ ഐപിസി കേരള സ്റ്റേറ്റ് പ്രസിഡന്റും പേരൂർക്കട സെന്റർ മിനിസ്റ്ററുംമായ പാസ്റ്റർ കെ.സി തോമസ് കൺവെൻഷൻ ഉത്ഘാടനം നിർ വഹിക്കും. പാസ്റ്ററന്മാരായ സ്റ്റേറ്റ് സെക്രട്ടറി ദാനിയേൽ കൊന്ന നിൽക്കുന്നതിൽ രാജു മേത്ര റാന്നി, കെ.ജെ തോമസ് കുമളി, ബി. മോനച്ചൻ കായംകുളം, തോമസ് ഫിലിപ്പ് വെന്മണി, എന്നിവർ ദൈവവചനം സംസാരിക്കും. 16 വെള്ളി പകൽ ഉണർവ് യോഗം രാവിലെ 10 മണി മുതൽ 1 വരെയും 2 മണി മുതൽ 4 വരെയും നടക്കും. ശനിയാഴ്ച സംയുക്തമാസ യോഗവും, സംയുക്ത സോദരി സമാജവാർഷികവും, നടക്കും. ഞായർ രാവിലെ 8.30 മുതൽ സംയുക്ത ആരാധനയും കർത്തൃമേശയും, ഉച്ച കഴിഞ്ഞ് 2.30 മുതൽ ശുശ്രുഷക സമ്മേളനവും ഉണ്ടായിരിക്കും കൺവൻഷൻ ക്വയർ ഗാനശുശ്രൂഷ നിർവഹിക്കും.

# ഐപിസി ആലപ്പുഴ ഈസ്റ്റ് സെന്റർ സുവർണ ജൂബിലി കൺവൻഷൻ

മാവേലിക്കര: ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ആലപ്പുഴ ഈസ്റ്റ് സെന്ററിന്റെ സുവർണ്ണ ജൂബിലി കൺവൻഷൻ ഫെബ്രു. 7 ന് വൈകിട്ട് 6 ന് മാവേലിക്കര ഐപിസി. ശാലേം ഗ്രൗണ്ടിൽ തുടങ്ങും. ഫെബ്രു. 11 വരെ നടക്കുന്ന കൺവൻഷൻ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ബി മോനച്ചൻ കായംകുളം ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ എം.വി. വർഗ്ഗീസ്, ദാനിയേൽ കൊന്ന നിൽക്കുന്നതിൽ, പ്രിൻസ് തോമസ് റാന്നി, റെജി ശാസ്താംകോട്ട, ഷാജി എം പോൾ വെണ്ണിക്കുളം, വി.പി.ജോസ്, എന്നിവർ പ്രസംഗിക്കും. വ്യാഴാഴ്ച പകൽ 10 ന് നടക്കുന്ന സഹോദരീസമ്മേളനത്തിൽ സിസ്റ്റർ ഷീലാ ദാസ്, സിസ്റ്റർ സൂസൻ തോമസ് എന്നിവർ പ്രസംഗിക്കും. വെള്ളിയാഴ്ച പകൽ 10ന് പ്രാർത്ഥനാസമ്മേളനത്തിൽ ഡോ. രാജു തോമസ് പ്രസംഗിക്കും.
10 ശനിയാഴ്ച്ച രാവിലെ നടക്കുന്ന ഗോൾഡൻ ജൂബിലി സമ്മേളനത്തിലും സ്തോത്രശുശ്രൂഷയിലും പാസ്റ്റർ കെ.സി.തോമസ് പ്രസംഗിക്കും. മൂന്നര പതിറ്റാണ്ടിലധികം ഐപിസി ആലപ്പുഴ ഈസ്റ്റ് സെന്ററിന്റെ ഭരണസാരഥ്യം വഹിച്ച പാസ്റ്റർ എം.വി.വർഗ്ഗീസിനെയും മൂന്നര പതിറ്റാണ്ടിലധികമായി പെന്തക്കോസ്തു കൺവൻഷൻ പ്രസംഗവേദിയിലെ നിറസാന്നിദ്ധ്യമായ പാസ്റ്റർ ബി.മോനച്ചനെയും വിവിധ കാല ഘട്ടങ്ങളിൽ സെന്ററിന്റെ എക്സിക്യൂട്ടീവ് സ്ഥാനങ്ങൾ വഹിച്ചവരെയും അനുമോദിക്കും. വിവിധ സഭാ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ നേതാക്കൾ പങ്കെടുത്ത് ആശംസ അറിയിക്കും. സുവർണ്ണ ജൂബിലി സുവനീറിന്റെ പ്രകാശനവും സമ്മേളനത്തിൽ നടക്കും. ശനിയാഴ്ച ഉച്ചകഴിഞ്ഞ് സഭയുടെ പുത്രികാ സംഘടനകളായ സണ്ടേസ്കൂൾ പി.വൈ. പി.എ എന്നിവയുടെ സംയുക്ത വാർഷികം നടക്കും. 11 ഞായറാഴ്ച കർത്തൃമേശ ശുശ്രൂഷയോടും ജില്ലയിലെ 30ൽപ്പരം സഭകളുടെ സംയുക്ത സഭായോഗത്തോടും കൺവൻഷൻ അവസാനിക്കും.
യെരുശലേം വോയ്സ്, ഏഴംകുളം സംഗീത ശുശ്രൂഷ നിർവഹിക്കും. സെന്റർ വൈസ് പ്രസിഡന്റ് പാസ്റ്റർ എം.ഒ. ചെറിയാൻ, സെന്റർ സെക്രട്ടറി പാസ്റ്റർ റെജി ചെറിയാൻ, സെന്റർ ജോയിന്റ് സെക്രട്ടറി ഡോ. തോമസ് വർഗീസ്, സെന്റർ ട്രഷറാർ ജോൺ ശാമുവേൽ, ജനറൽ കൺവീനർ പാസ്റ്റർ ഒ. ജെയിംസ് തുടങ്ങിയവർ നേതൃത്വം നൽകും.

ബൈബിളിലെ സ്ത്രീകൾ



സിസ്റ്റർ നീതു നിശാന്ത്
ഷാർജ

# മിര്യാം ആദ്യത്തെ സ്ത്രീ നേതൃത്വം



ഇസ്രായേൽ ജനതയെ മിസ്രയീമിന്റെ അടിമത്വത്തിൽ നിന്നും വാഗ്ദത്ത നാടായ കനാനിലേക്ക് പുറപ്പെടുവിക്കാൻ ദൈവം തെരഞ്ഞെടുത്ത ദൈവപുരുഷനായ മോശെയുടെ മൂത്ത സഹോദരി ആയിരുന്നു മിര്യാം. അവളുടെ ബാല്യത്തിൽ തന്നെ തന്റെ കുഞ്ഞു സഹോദരൻ നഷ്ടപ്പെട്ടു പോകുമോ എന്ന് നോക്കിനിൽക്കുന്ന വേദനയിലും പ്രായത്തിൽ കവിഞ്ഞ പക്വത കാണിച്ച് അവനെ സുരക്ഷിതമായ കൈകളിൽ എത്തിച്ച് വിശ്വാസികളുടെ ഹൃദയത്തിൽ അവൾ സ്ഥാനം പിടിച്ചു. മോശയുടെ സംരക്ഷണത്തിനു വേണ്ടി ദൈവം നേരത്തെ തന്നെ മിര്യാമിനെ ഒരുക്കി വെച്ചതിനാൽ മൂത്ത സഹോദരി ആയിരുന്നിട്ടും മോശെയുടെ ജനനശേഷമാണ് മിര്യാമിനെ ലോകം അറിഞ്ഞത്.

വാഗ്ദത്ത നാട്ടിലേക്കുള്ള യാത്രയിൽ ചെങ്കടൽ പിളർന്ന അത്ഭുതം കണ്ടതിനുശേഷം ഇന്നും നിലനിൽക്കുന്ന നൃത്തം ചെയ്ത് തപ്പുകൊട്ടി ദൈവത്തെ പാടി സ്തുതിക്കുന്ന ആരാധനയ്ക്ക് അവളിലൂടെ തുടക്കം കുറിക്കുകയും അങ്ങനെ സ്ത്രീകളിലെ ആദ്യത്തെ നേതൃത്വ പദവിയിലേക്ക് അവൾ എത്തിപ്പെടുകയും ചെയ്തു. കൂടാതെ ദൈവത്തിന്റെ അനുഗ്രഹത്താൽ ഉള്ള ആദ്യത്തെ പ്രവാചകി ആയി മാറാനും അവൾക്കു കഴിഞ്ഞു. എന്നാൽ ദൈവത്തിന്റെ ശുശ്രൂഷകളും തെരഞ്ഞെടുപ്പും അവളിൽ ഉണ്ടായിരുന്നിട്ടും തന്റെ സഹോദരനായ മോശെയുടെ ശുശ്രൂഷയെ അവൾ ചോദ്യം ചെയ്തതിനാൽ ദൈവത്തിന്റെ കോപത്തിന് ഇരയായി തീർന്നു. അങ്ങനെ കനാനിലേക്കുള്ള യാത്രയിൽ വച്ച് കുഷ്ഠം ബാധിച്ച് പാളയത്തിനു പുറത്ത് ഏഴുദിവസം അവൾക്ക് ഒറ്റപ്പെട്ടു നിൽക്കേണ്ടി വന്നു. അങ്ങനെ ഇസ്രായേൽ മക്കളുടെ യാത്ര തടസ്സപ്പെടുകയും പിന്നെ അവളെ വീണ്ടും അംഗീകരിക്കുന്നത് വരെ ജനം യാത്ര ചെയ്യാതിരിക്കുകയും ചെയ്തു. അതുകൊണ്ട് ശുശ്രൂഷയുടെ ആരംഭവും അവസാനവും ഒരുപോലെ കൊണ്ടു പോകാൻ മിര്യാമിന് കഴിഞ്ഞില്ല.

ദൈവത്തിന്റെ ശുശ്രൂഷകന്മാരെയും ദൈവത്തിന്റെ തെരഞ്ഞെടുപ്പിനെയും നാമും ഒരിക്കലും ചോദ്യം ചെയ്യാൻ പാടില്ല. നമ്മൾ കാരണം അവരുടെ ഹൃദയം ഒരിക്കലും വേദനിക്കാനും പാടില്ല. അങ്ങനെ ചെയ്താൽ എന്താണ് സംഭവിക്കുന്നത് എന്ന് മിര്യാമിലൂടെ നമുക്ക് കാണുവാൻ സാധിക്കുന്നു. വചനം പറയുന്നത് പോലെ നിങ്ങളെ നടത്തുന്നവരെ അനുസരിച്ചു കീഴടങ്ങിയിരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവരാകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇതു അവർ ഞരങ്ങിക്കൊണ്ടല്ല സന്തോഷത്തോടെ ചെയ്!വാൻ ഇടവരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്കു നന്നല്ല.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
07
06 FEBRUARY 2024
VOL 03 | ISSUE 036 | 735

# ക്രിസ്തീയ വിശ്വാസം ഉപേക്ഷിച്ചു ഗോത്ര മതം സ്വീകരിക്കാൻ നിർബന്ധിതരായി 20 കുടുംബങ്ങൾ

റായ്പുർ : ഛത്തീസ്ഗഡിലെ പ്രാദേശിക ഗ്രാമീണരുടെ ശക്തമായ ബഹിഷ്കരണം നിമിത്തം ക്രിസ്തീയ വിശ്വാസം ഉപേക്ഷിച്ചു അവരുടെ ഗോത്രമതം സ്വീകരിക്കാൻ നിർബന്ധിതരായി ഇരുപത് കുടുംബങ്ങൾ. 2024 ജനുവരിയിലെ ഒന്നും രണ്ടും ആഴ്ചകളിലെ റിപ്പോർട്ടുകൾ പ്രകാരം ഏകദേശം 70 മുതൽ 100 ആളുകളെ നിർബന്ധിതമായി ഗോത്രമതം സ്വീകരിക്കപ്പെട്ടു പ്രദേശത്തും പരിസരത്തുമുള്ള 50 വീടുകളിൽ 20 പേർതിരാത്ത്ഗഡിൽ നിന്നുള്ള അഞ്ച് പേർ ഉൾപ്പെടെആറു മുതൽ ഏഴ് മാസം വരെ കഠിനമായ ബഹിഷ്കരണം അനുഭവിച്ചതിന് ശേഷം ജനുവരി ആദ്യം ഗോത്ര വിശ്വാസത്തിലേക്ക് പരിവർത്തനം ചെയ്തതായി ബസ്തർ ജില്ലയിലെ തിരത്ഗഡ് ഗ്രാമത്തിലെ പാസ്റ്റർ പ്രേം ദാസ് അന്ധ്കുരി പറഞ്ഞു. 'ഇവിടെ സ്ഥിതി വളരെ സെൻസിറ്റീവാണ്. ബഹിഷ്കരണം അതിരുകടന്നതാണ്, ഗ്രാമവാസികളുടെ ആവശ്യത്തിന് കീഴടങ്ങുകയല്ലാതെ വിശ്വാസികൾക്ക് മറ്റൊരു മാർഗവുമില്ല, വിശ്വാസികൾക്കെതിരെ വർദ്ധിച്ചു വരുന്ന പീഡനത്തിൽ അസ്വസ്ഥനായ പാസ്റ്റർ അന്ദ്കുരി പറഞ്ഞു.

പാസ്റ്റർ പറയുന്നതനുസരിച്ച്, നിരവധി തലമുറകളായി സന്തോഷത്തോടെ ജീവിച്ചിരുന്ന ഗ്രാമവാസികൾ പെട്ടെന്ന് പരസ്പരം ക്രിസ്ത്യൻ വിശ്വാസങ്ങളോട് പ്രതിഷേധിക്കാൻ തുടങ്ങി. തിരത്ഗഡിലും സമീപത്തെ മറ്റു ചില ഗ്രാമങ്ങളിലും ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ പുറത്താക്കൽ പ്രവണത സമാനമാണ്. ഏതാനും വർഷങ്ങൾക്ക് മുമ്പ് അന്തരിച്ച അന്ദ്കുരിയുടെ പിതാവായ പാസ്റ്റർ സൺ സിംഗ് അന്ദ്കുരി വിവിധ പ്രദേശങ്ങളിൽ ആറ് പള്ളികൾ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ മകൻ പറയുന്നതനുസരിച്ച്, 32 വർഷം മുമ്പ് തിരത്ഗഡിൽ അദ്ദേഹം ആദ്യത്തെ പള്ളി സ്ഥാപിച്ചു.'ബഹിഷ്ക്കരണം ഉൾപ്പെടെയുള്ള വിവിധ രൂപങ്ങളിലുള്ള കടുത്ത പീഡനങ്ങൾ കാരണം രണ്ട് പള്ളികൾ ഒഴികെ എല്ലാം പൂർണ്ണമായും അടച്ചുപൂട്ടിയിരിക്കുന്നു,' അന്ദ്കുരി പറയുന്നു.

# ഛത്തീസ്ഗഡ് മുഖ്യമന്ത്രിയുടെ ആരോപണത്തിനെതിരെ ക്രൈസ്തവ നേതാക്കൾ

റായ്പൂർ: മിഷ്ണറിമാർ മതപരിവർത്തനം നടത്തുകയാണെന്ന ഛത്തീസ്ഗഡ് മുഖ്യമന്ത്രിയും ബിജെപി നേതാവുമായ വിഷ്ണു ഡിയോ സായിയുടെ ആരോപണത്തിനെതിരെ ക്രൈസ്തവ നേതാക്കൾ. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലൂടെ മതപരിവർത്തനമാണ് ക്രൈസ്തവർ നടത്തുന്നതെന്ന ആരോപണമാണ് മുഖ്യമന്ത്രി ഉന്നയിച്ചത്. മിഷ്ണറിമാർ, വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ ഒരു പ്രബല ശക്തിയാണെന്നും, വിദ്യാഭ്യാസ, ആരോഗ്യ സേവനങ്ങൾ നൽകുന്നു എന്ന പ്രതീതി സൃഷ്ടിച്ച് അവർ മതപരിവർത്തനം പ്രോത്സാഹിപ്പിക്കുകയാണെന്നും ഇത് അവസാനിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞത് പ്രതിഷേധത്തിന് ഇടയാക്കിയിരിന്നു. റായ്പൂർ അതിരൂപതയുടെ വികാരി ജനറലായ ഫാ. സെബാസ്റ്റ്യൻ പൂമറ്റം മുഖ്യമന്ത്രിയുടെ അവകാശവാദം തീർത്തും അടിസ്ഥാനരഹിതമാണെന്ന് പറഞ്ഞു. യഥാർത്ഥ വസ്തുതകൾ പരിശോധിക്കാതെ ന്യൂനപക്ഷ സമുദായത്തിനെതിരെ ഇത്രയും പ്രധാനപ്പെട്ട ഭരണഘടനാ സ്ഥാനത്തിരിക്കുന്ന വ്യക്തി ആരോപണം ഉന്നയിക്കുന്നത് പ്രതീക്ഷിക്കാത്ത കാര്യമാണെന്നു അദ്ദേഹം കൂട്ടിച്ചേർത്തു. ക്രൈസ്തവ മിഷ്ണറിമാർ പാവപ്പെട്ട ആദിവാസി ജനങ്ങളുടെ ഇടയിൽ അവരുടെ വിദ്യാഭ്യാസ, ആരോഗ്യ കാര്യങ്ങൾക്ക് വേണ്ടി ഇടപെടുന്നത് നിഷേധിക്കാൻ സാധിക്കാത്ത വസ്തുതയാണ്. എന്നാൽ അവരെ മതപരിവർത്തനം നടത്തുകയാണ് എന്ന് പറയുന്നത് അബദ്ധവും, നിരാശാജനകവും ആയ ആരോപണമാണ്. മിഷ്ണറിമാർ നടത്തുന്ന ഒരു സ്ഥാപനത്തിലാണ് മുഖ്യമന്ത്രി പഠിച്ചതെങ്കിലും ഇപ്പോഴും അദ്ദേഹം സ്വന്തം വിശ്വാസം തന്നെയാണ് പിന്തുടരുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.






തയ്യാറാക്കിയത്:
സിസ്റ്റർ ബിൻസി ഐസക്

## സൂപ്പർ ബൈബിൾ ക്വിസ് 35

### ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **സംഖ്യാപുസ്തകം 1 - 5**

1. ലേവിയുടെ പുത്രന്മാർ ആരെല്ലാം?
2. യിസ്രായേൽ മക്കളിൽ യുദ്ധത്തിന് പ്രാപ്തി ഉള്ള സകല പുരുഷൻമാരുമായി എണ്ണപ്പെട്ടവർ ആകെ എത്ര പേര്?
3. ലേവ്യരുടെ പ്രധാന പ്രഭു ആരാണ്?
4. സമാഗമന കൂടാരത്തിൽ വേല ചെയ്യാനുള്ള പ്രായപരിധി എത്ര?
5. ആഹാരോന്റെ ആദ്യജാതൻ ആരാണ്?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. അബേദ് നെഗോ (ദാനിയേൽ 1:7)
2. നെബുഖദനേസർ (ദാനിയേൽ 4:11)
3. ബെൽശസ്സർ (ദാനിയേൽ 5:6)
4. നെബുഖദനേസർ (ദാനിയേൽ 5:21)
5. ദാനിയേൽ (4:29)

# ജാർഖണ്ഡിൽ ഇന്ന് വിശ്വാസ വോട്ടെടുപ്പ്

റാഞ്ചി : ജാർഖണ്ഡിൽ ഇന്ന് വിശ്വാസ വോട്ടെടുപ്പ്. രാവിലെ 11 മണിയോടെ നിയമസഭയിൽ നടപടികൾ ആരംഭിക്കും. 81 അംഗ സഭയിൽ 51 എംഎൽഎമാരുടെ പിന്തുണയാണ് ചംപായ് സോറൻ സർക്കാരിന് വേണ്ടത്. 47 പേരുടെ പിന്തുണയുണ്ടെന്നാണ് ചംപായ് സോറന്റെ അവകാശവാദം. ബിജെപിയുടെ അട്ടിമറി ശ്രമത്തിൽ നിന്നും രക്ഷപ്പെടാനായി ഹൈദരാബാദിലേക്ക് മാറ്റിയ എംഎൽഎമാരെ ഇന്നലെ റാഞ്ചിയിൽ തിരികെ എത്തിച്ചിരുന്നു.

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**
**WhatsApp No. +91 92072 51248**

# CHRISTIAN LIVE DAILY

06 FEBRUARY 2024
VOL 03
ISSUE 036 | 735

ON THE BATTLEFIELD FOR THE GREAT COMMISSION



www.christianlive.in
cnl7news@gmail.com
+91 98465 52220